● അനുസ്മരണം

# വി.എം അലിസാഹിബ്



**ഇസ്‌ലാമിക** പ്രവർത്തന രംഗത്ത് നിറഞ്ഞ സാന്നിധ്യവും നിരവധി സ്ഥാപനങ്ങളുടെ താങ്ങും തണലുമായിരുന്നു 2007 നവംബർ 4-ന് നിര്യാതനായ ആലുവ ചാലക്കൽ സ്വദേശി വി.എം അലിസാഹിബ് - *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* എറണാകുളം ജില്ലയിൽ രൂപംകൊണ്ട ഒട്ടുമിക്ക സംരംഭങ്ങളുടെയും പിറവിക്ക് നിമിത്തമായത് അലിസാഹിബിന്റെ ചിന്തകളും നിശ്ചയ ദാർഢ്യവുമായിരുന്നു. എറണാകുളം മദീനാ മസ്ജിദ്, ഇസ്‌ലാമിക് സെന്റർ, ചാലക്കൽ ഇസ്‌ലാമിക് സെന്റർ, പള്ളി, മദ്റസ, ബോർഡിംഗ് സ്കൂൾ, ദാറുസ്സലാം സ്കൂൾ, അസ്ഹറുൽ ഉലൂം സ്കൂൾ, ഇസ്‌ലാമിക് കോംപ്ലക്സ്, പെരുമ്പാവൂർ മെക്കാ ട്രസ്റ്റ് മസ്ജിദ്, യു.പി സ്കൂൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലും വളർത്തുന്നതിലും അലിസാഹിബിന്റെ ഇടപെടലുകളായിരുന്നു മുഖ്യപ്രചോദനം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലും നടത്തിക്കൊണ്ടുപോകുന്നതിലും അദ്ദേഹം അതീവ തൽപരനായിരുന്നു. എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് ലക്ഷങ്ങൾ 'വില നിലവാര'മുള്ളപ്പോൾ അപേക്ഷാഫോറം ഇനത്തിൽപോലും ഒരുരൂപ വാങ്ങാതെ അർഹരും യോഗ്യരുമായവർക്ക് ജോലി നൽകുകയും സ്ഥാപനത്തിന്റെ നിലവാരത്തിൽ വിട്ടു വീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കുകയും ചെയ്തു അദ്ദേഹം. ദാറുസ്സലാം എൽ.പി സ്കൂൾ ഇതിന്റെ ഉദാഹരണമാണ്.

ആലുവയിൽ ലിബാസ് ടെക്സ്റ്റയിൽസ് ആരംഭിച്ച് കച്ചവടരംഗത്തേക്ക് പ്രവേശിച്ച അദ്ദേഹം, തന്റെ സ്ഥാപനം പ്രസ്ഥാന പ്രവർത്തനങ്ങളുടെയും *മാധ്യമം* പത്രത്തിന്റെയും മറ്റു പ്രസിദ്ധീകരണങ്ങളുടെയും കേന്ദ്രമാക്കിയിരുന്നു. ദീർഘ കാലം *മാധ്യമ*ത്തിന്റെ ആലുവ ലേഖകനായിരുന്നു. ബിസിനസ് ഒരു വശത്ത് നടക്കുമ്പോൾ തന്റെ നിയോഗം വിദ്യാഭ്യാസ സ്ഥാപനങ്ങളും, സേവനമേഖലകളുമാണെന്ന തിരിച്ചറിവ് അദ്ദേഹത്തെ ഊർജസ്വലനായ പ്രവർത്തകനാക്കി.

അറുപതുകളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിൽ ആകൃഷ്ടനായ വി.എം. അബ്ദുർറഹ്മാൻ തന്റെ സഹോദരന്മാരായ അബ്ദുൽ ഖാദിർ, കോൺഗ്രസ് മണ്ഡലം പ്രസിഡന്റായിരുന്ന അലി, ഉസ്മാൻ എന്നിവരെക്കൂടി പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. അതിലദ്ദേഹം വിജയിച്ചതിന്റെ ഫലമായിരുന്നു അലിസാഹിബ് എന്ന പ്രസ്ഥാന പ്രവർത്തകൻ.

താൻ ആർജിച്ച അറിവും ബോധ്യമായ വസ്തുതകളും പ്രസ്ഥാനത്തിന്റെ നയ നിലപാടുകളിൽ ഊന്നി നടപ്പാക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധാലുവായിരുന്നു. ജില്ലയിലെ സാമൂഹിക സാംസ്കാരിക രംഗത്തും രാഷ്ട്രീയ മത സാമുദായിക രംഗത്തും നേതൃനിരയിലുള്ളവരുമായി അഗാധമായ സൗഹൃദം സ്ഥാപിച്ചിരുന്നു.

തന്റെ ദീർഘ വീക്ഷണത്തിനും ആവേശത്തിനും അനുസൃതമായി സഹപ്രവർത്തകർ സഞ്ചരിക്കുന്നില്ല എന്ന ആകുലത പലപ്പോഴും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. ആ അസംതൃപ്തി പ്രവർത്തകരോടും നേതൃത്വത്തോടും തുറന്ന് പ്രകടിപ്പിക്കാൻ അദ്ദേഹം മടി കാണിച്ചില്ല. ഈ ശൈലിയും പ്രസ്ഥാനത്തിനു പുറത്തുള്ള വിശാലമായ വ്യക്തിബന്ധങ്ങളും അദ്ദേഹത്തെ അടുത്തറിയാത്ത പ്രവർത്തകർക്ക് ചിലപ്പോൾ തെറ്റുധാരണകൾ സൃഷ്ടിച്ചിട്ടുണ്ടാകാം.

തോട്ടത്തിൽ കോട്ടപ്പുറത്ത് കുടുംബാംഗം റാബിയയാണ് ഭാര്യ. മക്കൾ: റസിയാ ചാലക്കൽ (പ്രിൻസിപ്പൽ, എം.ജി.എച്ച്.എസ്.എസ് ഈരാറ്റുപേട്ട), ശംസുദ്ദീൻ (ലിബാസ്), നജ്മ (ദാറുസ്സലാം എച്ച്.എസ് ചാലക്കൽ). ജാമാതാക്കൾ: സൽസബീല, അനസ്, ശഫീഖ്

അദ്ദേഹത്തിന്റെയും നമ്മുടെയും സൽക്കർമങ്ങൾ അല്ലാഹു സ്വീകരിക്കുകയും വീഴ്ചകൾ പൊറുത്തുതരികയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**എം.കെ അബൂബക്കർ, മാറംപള്ളി**